# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഏപ്രിൽ 5**

---

## എം.ജിയിൽ ഉൾനാടൻ ജലഗതാഗത ക്രൂ സെർട്ടിഫിക്കേഷൻ പ്രോഗ്രാം

മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് ഇൻലാൻഡ് വെസ്സൽ ക്രൂ സെർട്ടിഫിക്കേഷൻ പ്രോഗ്രാം നടത്തുന്നു.
തിയറി ക്ലാസുകൾക്കൊപ്പം പ്രായോഗികപരിശീലനവും ഉൾപ്പെട്ട 100 മണിക്കൂർ ദൈർഘ്യമുള്ള പ്രോഗ്രാം ജലഗതാഗത വാഹനങ്ങൾ നിയന്ത്രിക്കുന്നതിൽ വൈദഗ്ധ്യം നേടാൻ ഉപകരിക്കും.

ആദ്യ ബാച്ചിൻറെ ക്ലാസ് ഏപ്രിൽ 20 ന് ആരംഭിക്കും. പ്രായപരിധിയില്ല, പത്താം ക്ലാസ് യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. വിശദവിവരങ്ങൾ https://sts.mgu.ac.in/ എന്ന ലിങ്കിൽ ലഭിക്കും.ഫോൺ - 0481-2733374

(പി.ആർ.ഒ/39/267/2024)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.എസ്.സി ഇൻഫർമേഷൻ ടെക്നോളജി(സിബിസിഎസ് സ്പെഷ്യൽ റീഅപ്പിയറൻസ് - 2021 അഡ്മിഷൻ ബാച്ചിലെ പരാജയപ്പെട്ട വിദ്യാർഥികൾക്കു വേണ്ടി - മാർച്ച് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഏപ്രിൽ 17 ന് ഇടക്കൊച്ചി സിയന്ന കോളജ് ഓഫ് പ്രൊഫഷണൽ സ്റ്റഡീസിൽ നടക്കും.  ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/268/2024)

## വൈവ വോസി

ആറാം സെമസ്റ്റർ ബി.വോക് ടൂറിസം ആൻറ് ഹോസ്പിറ്റാലിറ്റി, ടൂറിസം ആൻറ് ഹോസ്പിറ്റാലിറ്റി മാനേജ്മെൻറ്, ടൂറിസം അഡ്മിനിസ്ട്രേഷൻ ആൻറ് ഹോസ്പിറ്റാലിറ്റി(പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - മാർച്ച് 2024) പരീക്ഷയുടെ പ്രോജക്ട് ഡിസെർട്ടേഷൻ ആൻറ് ട്രാവൽ ഏജൻസി, ടൂർ ഇൻറേൺഷിപ്പ് വൈവ വോസി പരീക്ഷകൾ ഏപ്രിൽ 12 മുതൽ അതത് കോളജുകളിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/269/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**